## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3813 25.06.2013 ലെ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ.യുടെ ഹരിത വായ്പാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.എഫ്.ഇ.യുടെ ഹരിത വായ്പ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) & (ബി) തുടക്കം കുറിച്ചിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ, ഊർജ്ജക്ഷമതകൂടിയ ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് കെ.എസ്. എഫ്.ഇ. ഒരുക്കുന്ന നൂതന പദ്ധതിയാണിത്. ഊർജ്ജ ഉപയോഗം പരമാവധി കുറയ്ക്കുന്ന ത്രിനക്ഷത്രവും അതിനു മുകളിലും പദവിയുള്ള ടെലിവിഷൻ,റഫ്രിജറേറ്റർ, വാഷിങ്ങ് മെഷീൻ, തുടങ്ങിയ വൈദ്യുതോപക രണങ്ങൾ വാങ്ങുന്നതിന് ഉപഭോക്താക്കളെ പ്രേരിപ്പിക്കുന്ന പദ്ധതിയാണിത്. അതുപോലെ ത്തന്നെ പാരമ്പര്യേതര ഊർജ്ജ ഉപഭോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സൗരോർജ്ജ വിളക്കുകൾ, താപീകരണികൾ തുടങ്ങിയ വാങ്ങുന്നതിനും ജൈവവാതക പ്ലാന്റുകൾ ഗൃഹത്തിൽ സ്ഥാപിക്കു ന്നതിനും ഈ വായ്പ ഉപയോഗിക്കാവുന്നതാണ്. താരതമ്യേന കുറഞ്ഞ പലിശ നിരക്കിൽ ഈ വായ്പ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഊർജ്ജ ക്ഷമതയുള്ളതും പരിസ്ഥിതി സൗഹാർദ്ദമായതും ആയ ഗൃഹോപകര ണങ്ങൾ വാങ്ങാൻ ഉപഭോക്താക്കളെ സഹാ യിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (സി) പ്രസ്തുത പദ്ധതിയിൽ ഉപഭോക്താക്കളെ സഹായിക്കുന്നതിന് ഗവൺമെന്റ് ഏജൻസിയായ അനർട്ട്, പ്രമുഖ ഗൃഹോപകരണ നിർമ്മാതാക്കളായ വി-ഗാർഡ്, ഹൈക്കൺ, രാം ബയോളജിക്കൽസ് തുടങ്ങിയവരുമായി പരസ്പര ധാരണയിലേർപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഗൃഹോപകരണ വായ്പയുടെ പലിശ നിരക്കിനേക്കാൾ 1% പലിശകുറവ് ഈ പദ്ധതിയെ പ്രോത്സാഹിപ്പിക്കുന്നതിനായി നൽകുന്നുണ്ട്. |
| (ഡി) പദ്ധതിയനുസരിച്ച് എന്തെല്ലാം സബ്സിഡി കളാണ് ഉപഭോക്താക്കൾക്ക് നൽകുന്നത്? | (ഡി) കേന്ദ്ര ഗവൺമെന്റിന്റെ MNRE സബ്സിഡിയും സംസ്ഥാന സർക്കാരിന്റെ സബ്സിഡിയും ഉപഭോ ക്താക്കൾക്ക് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.